# പതിനഞ്ചാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2025 സെപ്റ്റംബർ 29, തിങ്കൾ

**നമ്പർ 186**

രാവിലെ 9.00 മണിക്ക് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാല് ചോദ്യങ്ങൾ സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അനുശോചനം :

തമിഴ്നാട്ടിലെ കരൂരിൽ തമിഴക വെട്രി കഴകം സംഘടിപ്പിച്ച റാലിക്കിടെ ഉണ്ടായ തിക്കിലും തിരക്കിലും പെട്ട് 41 പേർ മരിക്കാനിടയായ സാഹചര്യത്തിൽ ചെയർ അനുശോചനം രേഖപ്പെടുത്തി.

നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം :

സംസ്ഥാനത്ത് കടുത്ത ധനപ്രതിസന്ധിമൂലം ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയതായി പറയപ്പെടുന്ന സാഹചര്യം പദ്ധതി പ്രവർത്തനങ്ങളെയും ,ക്ഷേമപ്രവർത്തനങ്ങളേയും അടക്കം സാരമായി ബാധിച്ചതായും ആയത് സംസ്ഥാനത്തെ ജനങ്ങളിൽ ഉളവാക്കിയതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ഡോ. മാത്യു കുഴൽനാടനും മറ്റ് അഞ്ച് അംഗങ്ങളും സഭാ നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഒരു ഉപക്ഷേപത്തിന് നോട്ടീസ് നൽകിയിരുന്നു. ഉപക്ഷേപം ചർച്ചയ്ക്കെടുക്കാൻ ധനകാര്യ വകുപ്പുമന്ത്രി സന്നദ്ധത പ്രകടിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഉപക്ഷേപം ഉച്ചയ്ക്ക് 12.00 മണിയ്ക്ക് പരിഗണിക്കുന്നതാണെന്ന് സ്പീക്കർ അറിയിച്ചു

ശ്രദ്ധ ക്ഷണിക്കൽ :

(1) അറബിക്കടലിൽ കേരളതീരത്തോട് ചേർന്ന് നടന്ന കപ്പൽ അപകടങ്ങളെ തുടർന്ന് കപ്പലുകളിലെ കണ്ടെയ്നറുകളിൽ നിന്നും ചോർന്ന് വിഷമുള്ളതും പരിസ്ഥിതിക്ക് വിനാശകരവുമായ വസ്തുക്കൾ കടലിലും തീരത്തും

വ്യാപിച്ചതിനാൽ മത്സ്യത്തൊഴിലാളി മേഖലയിൽ ഉണ്ടായ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. ആന്റണി രാജു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

(2) എയ്ഡഡ് വിദ്യാഭ്യാസ മേഖലയിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കേരളത്തിലെ എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് നിയമനാംഗീകാരം വൈകുന്നതായി പറയപ്പെടുന്ന പ്രശ്നത്തിലേയ്ക്ക് ശ്രീ. മോൻസ് ജോസഫ് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:</u>

| നമ്പർ | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ഡോ. എൻ. ജയരാജ് | കാഞ്ഞിരപ്പള്ളി ബൈപ്പാസ് നിർമ്മാണം | ധനകാര്യ വകുപ്പുമന്ത്രി |
| 2 | ശ്രീ. കോവൂർ കുഞ്ഞുമോൻ | സ്വർണ്ണപ്പണയ സ്ഥാപനങ്ങളിൽ മുക്കുപണ്ടം പണയം വയ്ക്കുന്നവർക്കുള്ള ശിക്ഷ | ധനകാര്യ വകുപ്പുമന്ത്രി |
| 3 | ശ്രീ. പി. മമ്മിക്കുട്ടി | ഷൊർണ്ണൂർ മണ്ഡലത്തിലെ ഗാല പദ്ധതി | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 4 | ശ്രീ. കെ. പി. എ. മജീദ് | എടരിക്കോട് സ്പിന്നിംഗ് മില്ലിൽ നിന്നും വിരമിച്ച ജീവനക്കാരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 5 | ശ്രീ. കടകംപള്ളി സുരേന്ദ്രൻ | വാഹന പുകപരിശോധന കേന്ദ്രങ്ങളും തൊഴിലാളികളും നേരിടുന്ന പ്രശ്നങ്ങൾ | ഗതാഗത വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 6 | ശ്രീമതി കെ. കെ. രമ | മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതി | മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി |
| 7 | ശ്രീ. വി. ജോയി | പൊതുവിദ്യാലയങ്ങളിൽ ആധാർ അധിഷ്ഠിത തസ്തിക നിർണ്ണയം നടത്തുമ്പോൾ പുറത്താകുന്ന അധ്യാപകരെ സംരക്ഷിക്കുന്നതിന് നടപടി | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 8 | ഡോ. കെ. ടി. ജലീൽ | വളാഞ്ചേരി വട്ടപ്പാറ ഭാഗത്തെ അപ്രോച്ച് റോഡ് നിർമ്മാണം | പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 9 | ശ്രീമതി ഉമ തോമസ് | കാക്കനാട്-സിൽവർ ലൈൻ റോഡ്, സീ പോർട്ട്-എയർപോർട്ട് റോഡ് പ്രദേശങ്ങളിൽ സമാന്തര റോഡ് നിർമ്മാണം | പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 10 | ശ്രീ. ആര്യാടൻ ഷൗക്കത്ത് | നിലമ്പൂർ ബൈപ്പാസ് പദ്ധതി | പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 11 | ശ്രീ. എ. കെ. എം. അഷ്റഫ് | കുമ്പളയിൽ ടോൾഗേറ്റ് സ്ഥാപിക്കുന്നത് തടയുന്നതിന് നടപടി | പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 12. | ശ്രീ. സി. സി. മുകുന്ദൻ | നെല്ല് സംഭരണ പദ്ധതി | ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>റിപ്പോർട്ടുകളുടെ സമർപ്പണം</u> :

(i) സബ്ജക്ട് കമ്മിറ്റി II-ന്റെ 2025-ലെ ഗുരുവായൂർ ദേവസ്വം (ഭേദഗതി) ബിൽ സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിച്ചു.

(ii) സബ്ജക്റ്റ് കമ്മിറ്റി III-ന്റെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും, 2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിച്ചു.

(iii) സബ്ജക്റ്റ് കമ്മിറ്റി IV-ന്റെ 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് (ഭേദഗതി) ബിൽ സംബന്ധിച്ച റിപ്പോർട്ടുകൾ സമർപ്പിച്ചു.

(iv) സബ്ജക്റ്റ് കമ്മിറ്റി VIII-ന്റെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, 2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2024-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട്, 2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട് എന്നിവ സമർപ്പിച്ചു

<u>ചട്ടം 118 അനുസരിച്ചുള്ള ഗവൺമെന്റ് പ്രമേയം</u> :

മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ചട്ടം 118 പ്രകാരം ഒരു പ്രമേയം അവതരിപ്പിച്ചു. ശ്രീ. യു. എ. ലത്തീഫ്, ശ്രീ. എൻ. ഷംസുദ്ദീൻ, ശ്രീ. പി. സി. വിഷ്ണുനാഥ്, ശ്രീ. കുറുക്കോളി മൊയ്തീൻ, ശ്രീ. ടി. വി. ഇബ്രാഹിം, ശ്രീ. ടി. സിദ്ദിഖ്, ശ്രീ. നജീബ് കാന്തപുരം എന്നിവർ പ്രമേയത്തിന് ഭേദഗതികൾ അവതരിപ്പിച്ചു. താഴെപ്പറയുന്ന ഭേദഗതികൾ സഭ അംഗീകരിച്ചു.

(i) ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 2, 8 നമ്പർ ഭേദഗതികൾ

(ii) ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച ഭേദഗതി

ഭേദഗതിയോടെ താഴെപറയുന്ന പ്രകാരമുള്ള പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

"വോട്ടർ പട്ടിക പ്രത്യേക തീവ്ര പുനഃപരിശോധനയ്ക്ക് വിധേയമാക്കുന്ന കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ നീക്കം ദേശീയ പൗരത്വരജിസ്റ്ററിന്റെ വളഞ്ഞ വഴിയിലൂടെയുള്ള നടപ്പാക്കലാണെന്ന ആശങ്ക വ്യാപകമാണ്. ബീഹാറിൽ നടന്ന SIR പ്രക്രിയ ഇത്തരം ആശങ്കകളെ ശരിവയ്ക്കുന്നതുമാണ്.

പുറന്തള്ളലിന്റെ രാഷ്ട്രീയമാണ് ബീഹാർ വോട്ടർ പട്ടിക പരിഷ്കരണത്തിൽ കാണുന്നത്. വോട്ടർപട്ടികയിൽ നിന്നും യുക്തിരഹിതമായ ഒഴിവാക്കലാണ് ബീഹാറിൽ നടന്നത്. അതേ രീതിയാണ് ദേശീയ അടിസ്ഥാനത്തിൽ ലക്ഷ്യമിടുന്നത് എന്ന സംശയവും രാജ്യവ്യാപകമായി നിലവിലുണ്ട്.

ബീഹാർ SIR പ്രക്രിയയുടെ ഭരണഘടനാ സാധുത സുപ്രീം കോടതിയുടെ പരിഗണനയിൽ ഇരിക്കെത്തന്നെ തിരഞ്ഞെടുപ്പ് പടിവാതിൽക്കൽ നിൽക്കുന്ന കേരളം, തമിഴ്നാട്, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങളിൽ കൂടി തിടുക്കപ്പെട്ട് ഇതേ പ്രക്രിയ കൊണ്ടുവരുന്നതിനെ നിഷ്കളങ്കമായി കാണാൻ കഴിയില്ല. ദീർഘകാല തയ്യാറെടുപ്പും കൂടിയാലോചനയും ആവശ്യമായ SIR പോലുള്ള പ്രക്രിയ ഇത്തരത്തിൽ തിടുക്കത്തിൽ നടത്തുന്നത് ജനവിധി അട്ടിമറിക്കാനാണെന്ന ഭയം തിരഞ്ഞെടുപ്പ് കമ്മീഷനെ സംശയത്തിന്റെ നിഴലിലാക്കിയിരിക്കുന്നു. കേരളത്തിൽ തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് അടുത്തുതന്നെ നടക്കാനിരിക്കയാണ്. അത് കഴിഞ്ഞാലുടൻ നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുകയാണ്. ഈ സാഹചര്യത്തിൽ തിടുക്കപ്പെട്ട് SIR നടത്തുന്നത് ദുരുദ്ദേശ്യപരമാണ്. ഇതിനുമുമ്പ് 2002-ലാണ് കേരളത്തിൽ വോട്ടർ പട്ടികയുടെ തീവ്ര പുനഃപരിശോധന നടന്നത്. ഇപ്പോൾ പുനഃപരിശോധന നടത്തുന്നത് 2002 അടിസ്ഥാന മാക്കിയാണെന്നതും അശാസ്ത്രീയമാണ്.

1987-നുശേഷം ജനിച്ചവർ അവരുടെ പിതാവിന്റെയോ മാതാവിന്റെയോ പൗരത്വരേഖ കൂടി നൽകിയാലേ വോട്ടറാകൂ എന്ന SIR-ലെ നിബന്ധന നമ്മുടെ പ്രായപൂർത്തി വോട്ടവകാശത്തെ ഹനിക്കുന്ന തീരുമാനമാണ്. 2003-നുശേഷം ജനിച്ചവർ പിതാവിന്റെയും മാതാവിന്റെയും പൗരത്വരേഖകൾ സമർപ്പിച്ചാൽ മാത്രമേ വോട്ടറാവൂ എന്നും നിഷ്കർഷയുണ്ട്. വോട്ടറാകുന്നതിനായി സമർപ്പിക്കേണ്ട അനുബന്ധ രേഖകളിൽ റേഷൻ കാർഡുപോലും ഉൾപ്പെടുത്തിയിട്ടില്ല. രേഖകളില്ലാത്തതിന്റെ പേരിൽ വോട്ടർ പട്ടികയിൽ നിന്നും ഒഴിവാക്കുന്നത്, ഭരണഘടനയുടെ അനുച്ഛേദം 326 പൗരന്മാർക്ക് ഉറപ്പുനൽകുന്ന സാർവത്രിക വോട്ടവകാശത്തിന്റെ പൂർണമായ ലംഘനമാണ്. സമൂഹത്തിലെ പാർശ്വവൽകൃത വിഭാഗങ്ങളിൽ ഉള്ളവരാണ് SIR-ലെ ഇത്തരം നിബന്ധനകൾമൂലം വോട്ടവകാശത്തിൽ നിന്നും പുറത്താവുകയെന്നാണ് ഈ മേഖലയിലെ വിദഗ്ധരുടെ പഠനങ്ങൾ കാണിക്കുന്നത്. ന്യൂനപക്ഷ സമുദായങ്ങൾ, പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗങ്ങൾ, സ്ത്രീകൾ, ദരിദ്രകുടുംബങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ളവരാണ് ഇതിൽ ബഹുഭൂരിപക്ഷവും ഉൾപ്പെടുക. വോട്ടർ പട്ടികയിലുള്ള പ്രവാസി വോട്ടർമാരുടെ വോട്ടവകാശം തുടർന്നും നിലനിർത്തേണ്ടതുണ്ട്.

പൗരത്വത്തെ മതാധിഷ്ഠിതമാക്കുന്ന പൗരത്വ ഭേദഗതി നിയമത്തെ പൊടിതട്ടിയെടു ക്കാനുള്ള ശ്രമം നടത്തുന്നവർ SIR-നെ ഏതുവിധമാവും ഉപയോഗിക്കുക എന്നതും ജനാധിപത്യം നേരിടുന്ന വെല്ലുവിളിയാണ്. മൗലികാവകാശത്തെ ഹനിക്കുന്ന ഇത്തരം നടപടികളിൽ നിന്നും പിന്തിരിഞ്ഞ് തിരഞ്ഞെടുപ്പ് കമ്മീഷൻ സുതാര്യമായി വോട്ടർപ്പട്ടിക പുതുക്കൽ നടത്തണം എന്ന് ഈ നിയമസഭ ഏകകണ്ഠമായി ആവശ്യപ്പെടുന്നു."

നിയമനിർമ്മാണകാര്യം:

(1) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഉപക്ഷേപങ്ങളും :

(i) 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷ് 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവ അവതരിപ്പിച്ചു. ശ്രീ. പി. സി. വിഷ്ണുനാഥ് ക്രമപ്രശ്നം ഉന്നയിച്ചു. തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി മറുപടി നൽകി. ബഹു. സ്പീക്കർ താഴെപറയും പ്രകാരം റൂളിംഗ് നൽകി.

സ്പീക്കറുടെ റൂളിംഗ് :

2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിലൂടെ മൂലനിയമത്തിന്റെ 56-ാം വകുപ്പിൽ വരുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ള ഭേദഗതി നഗരപാലികാ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് ഭരണഘടനാപരമായ അധികാരം നൽകുന്നതിനും അവയുടെ പ്രവർത്തനങ്ങളെ കൂടുതൽ ഊർജ്ജസ്വലമാക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുവന്ന 73, 74 ഭരണഘടനാ ഭേദഗതികളുടെ അന്തസ്സത്തയ്ക്ക് വിരുദ്ധമാണെന്നും ബില്ലിൽ വിശദമായ ധനകാര്യ മെമ്മോറാണ്ടം ഇല്ലെന്നും ബില്ലിന്റെ ഖണ്ഡം 9 പ്രകാരം മൂലനിയമത്തിന്റെ വകുപ്പ് 447(1)ബി യിൽ വരുത്തിയ ഭേദഗതി ഭരണഘടനാനുസൃതമല്ലെന്നും ശ്രീ. പി.സി. വിഷ്ണുനാഥ് ചട്ടം 303 പ്രകാരം ക്രമപ്രശ്നം ഉന്നയിച്ചു. തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി മറുപടി നൽകി. ബഹു. സ്പീക്കർ പ്രസ്തുത വിഷയത്തിൽ താഴെപ്പറയുന്ന റൂളിംഗ് നൽകി.

"ബില്ലിൽ വിശദമായ ധനകാര്യ മെമ്മോറാണ്ടം ഇല്ലെന്ന ബില്ലിന്റെ ഖണ്ഡം 9 പ്രകാരം മൂലനിയമത്തിന്റെ വകുപ്പ് 447 (1)ബിയിൽ വരുത്തിയ ഭേദഗതി ഭരണഘടനാനുസൃതമല്ലെന്നാണ് ശ്രീ. പി. സി. വിഷ്ണുനാഥ് ചട്ടം 303 പ്രകാരമുള്ള ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെട്ടത്.

തദ്ദേശ സ്വയംഭരണ-എക്സൈസ്- പാർലമെന്ററികാര്യ വകുപ്പുമന്ത്രി ഇത് സംബന്ധിച്ച കാര്യങ്ങൾ വിശദീകരിക്കുകയുണ്ടായി. മന്ത്രിയുടെ വിശദീകരണം സ്വീകാര്യമാണെന്നു കാണുന്നതിനാൽ തടസ്സവാദം നിലനിൽക്കുന്നതല്ലെന്ന് റൂൾ ചെയ്യുന്നു. എന്നാൽ ഭേദഗതി ബില്ലുകൾ കൊണ്ടുവരുമ്പോൾ അനുബന്ധമായി ചേർക്കേണ്ട പ്രധാന ആക്ടിലെ പ്രസ്തുത ഭാഗങ്ങൾ സാമാജികർക്ക് പ്രാപ്യമാകുന്ന രീതിയിൽ പരിഷ്കരിക്കരിക്കണമെന്നും റൂൾ ചെയ്യുന്നു".

## 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ,2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ തുടർച്ച

പ്രസ്തുത ബില്ലുകൾ തദ്ദേശ സ്വയംഭരണവും, ഗ്രാമ വികസനവും, ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചു. ശ്രീ. ഡി. കെ. മുരളി 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 എ ഭേദഗതി അവതരിപ്പിച്ചു സംസാരിച്ചു.

(നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം ചർച്ചയ്ക്കെടുത്തു.)

നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച :

"സഭ ഇപ്പോൾ നിർത്തിവയ്ക്കുന്നു" എന്ന ഉപക്ഷേപം ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ചു സംസാരിച്ചു. താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു.

ശ്രീ. പി. നന്ദകുമാർ

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. കെ. ബാബു (നെൻമാറ)

ശ്രീ. കെ. എം. സച്ചിൻദേവ്

ശ്രീ. അഹമ്മദ് ദേവർകോവിൽ

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീമതി യു. പ്രതിഭ

ശ്രീ. പി. പി. ചിത്തരഞ്ജൻ

ശ്രീ. വി. ഡി. സതീശൻ, പ്രതിപക്ഷ നേതാവ്.

ധനകാര്യ വകുപ്പുമന്ത്രി സഭ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ചയ്ക്ക് മറുപടി നൽകി.

നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം സഭ തള്ളി.

നിയമനിർമ്മാണകാര്യം (തുടർച്ച):

(i) 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 ബി ഭേദഗതി ശ്രീ. ഐ. സി. ബാലകൃഷ്ണൻ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. ആര്യാടൻ ഷൗക്കത്ത് അവതരിപ്പിച്ച് സംസാരിച്ചു. ശ്രീ. കടകംപള്ളി സുരേന്ദ്രൻ 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 എ ഭേദഗതി അവതരിപ്പിച്ച് സംസാരിച്ചു. ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന 2 ബി ഭേദഗതി ശ്രീ. എ. കെ. എം. അഷറഫ് അവതരിപ്പിച്ച് സംസാരിച്ചു. മന്ത്രിയുടെ മറുപടിയ്ക്കുശേഷം 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നീ ബില്ലുകളിൽ 1 എ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കുകയും 2 ബി ഭേദഗതി സഭ തള്ളുകയും ചെയ്തു. തുടർന്ന് 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി)ബിൽ തദ്ദേശസ്വയംഭരണവും, ഗ്രാമ വികസനവും, ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം പാസ്സാക്കുകയും ബിൽ സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്ക് അയക്കുകയും ചെയ്തു.

(2) സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള പൊതുരേഖ ബില്ലിന്റെ പരിഗണനയും അനന്തര ഘട്ടങ്ങളും :

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള പൊതുരേഖ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിച്ചു.

സെലക്ട് കമ്മിറ്റി റിപ്പോർട്ടിന് വിയോജിപ്പ് രേഖപ്പെടുത്തിയിരുന്ന ശ്രീ. അനൂപ് ജേക്കബ്, ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ശ്രീ. പി. ഉബൈദുള്ള എന്നിവർ സംസാരിച്ചു.

സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള പൊതുരേഖ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 എ ഭേദഗതി ശ്രീമതി ശാന്തകുമാരി കെ.-യും ബിൽ വീണ്ടും അതേ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 ബി ഭേദഗതി ശ്രീ. പി. ബാലചന്ദ്രൻ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. ഇ. ടി. ടൈസൺ മാസ്റ്ററും അവതരിപ്പിച്ച് സംസാരിച്ചു. രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് ഉപക്ഷേപം പാസ്സാക്കുകയും ബിൽ വകുപ്പ് തിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ സഭ ബിൽ പാസ്സാക്കുകയും ചെയ്തു.

<u>രണ്ടാം വകുപ്പ്</u>

(i) ഖണ്ഡം 2(ബി)-ൽ "എന്നാൽ" എന്നതിന് ശേഷം "ഈ ആക്റ്റിലെ" എന്ന് ചേർക്കുക.

(ii) ഖണ്ഡം 2(ഡി)-യിൽ " എന്നാൽ" എന്നതിന് ശേഷം "സംസ്ഥാന" എന്ന് ചേർക്കുക.

(iii) ഖണ്ഡം 2(എം)-ൽ "എന്നാൽ" എന്നതിന് ശേഷം "ഈ ആക്റ്റിലെ" എന്ന് ചേർക്കുക.

<u>മൂന്നാം വകുപ്പ്</u>

(i) ഖണ്ഡം 3(2)(ജി)-ൽ "ഓഫീസുകളിലേയും" എന്നതിന് പകരം "ഓഫീസുകളിലെയും" എന്ന് ചേർക്കുക.

(ii) ഖണ്ഡം 3(2)(എച്ച്)-ൽ "പുരാരേഖകൾ" എന്നതിന് പകരം "പൊതുരേഖകൾ" എന്ന് ചേർക്കുക.

(iii) ഖണ്ഡം 3(2)(എൻ)-ൽ "അടിയന്തിരാവസ്ഥകളിൽ" എന്നതിന് പകരം "അടിയന്തരാവസ്ഥകളിൽ" എന്ന് ചേർക്കുക.

(iv) ഖണ്ഡം 3(2)(പി)-ൽ "ഭാഗങ്ങളുടെ പകർപ്പുകളോ" എന്നതിന് ശേഷം "നിർണ്ണയിക്കാവുന്ന രീതിയിൽ" എന്ന് ചേർക്കുക.

<u>നാലാം വകുപ്പ്</u>

(i) ഖണ്ഡം 4-ൽ "അസ്സൽ:" എന്നതിന് ശേഷം " ," എന്ന ചിഹ്നം ചേർക്കുക.

<u>ആറാം വകുപ്പ്</u>

(i) ഖണ്ഡം 6-ൽ "താഴെ പറയുന്ന" എന്നതിന് പകരം "താഴെപ്പറയുന്ന" എന്ന് ചേർക്കുക.

<u>ഒൻപതാം വകുപ്പ്</u>

(i) ഖണ്ഡം 9(2)-ൽ "2023-ലെ ഭാരതീയ നാഗരിക് സുരക്ഷാ സംഹിതയിൽ (2023- ലെ 46-ാം കേന്ദ്ര ആക്റ്റ്) എന്തുതന്നെ അടങ്ങിയിരുന്നാലും" എന്നത് ഒഴിവാക്കുക.

(ii) ഖണ്ഡം 9(2)(i)-ൽ "രണ്ടും കൂടിയോ ശിക്ഷ ലഭിക്കുന്നതാണ്" എന്നതിന് പകരം "അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്" എന്ന് ചേർക്കുക.

(iii) ഖണ്ഡം 9(2)(ii)-ൽ "രണ്ടും കൂടിയോ ശിക്ഷ ലഭിക്കുന്നതാണ് " എന്നതിന് പകരം "അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്" എന്ന് ചേർക്കുക.

(iv) ഖണ്ഡം 9(2)(iii)-ൽ "രണ്ടും കൂടിയോ സാമൂഹ്യ സേവനമോ ശിക്ഷ ലഭിക്കുന്നതാണ്" എന്നതിന് പകരം "അല്ലെങ്കിൽ രണ്ടും കൂടിയോ, സാമൂഹ്യ സേവനമോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്" എന്ന് ചേർക്കുക.

പതിനാലാം വകുപ്പ്

(1) ഖണ്ഡം 14(1)-ൽ "രൂപീകരിച്ചുള്ള" എന്നതിന് പകരം "രൂപീകരിച്ചുകൊണ്ടുള്ള" എന്ന് ചേർക്കുക.

പതിനാറാം വകുപ്പ്

(i) ഖണ്ഡം 16(സി)-ൽ "ശേഖരത്തിലുള്ള" എന്നതിന് പകരം "സ്രോതസ്സിൽ നിന്നുള്ള" എന്ന് ചേർക്കുക.

പതിനേഴാം വകുപ്പ്

(i) ഖണ്ഡം 17(1)-ൽ "സ്വകാര്യശേഖരത്തിൽ" എന്നതിന് പകരം "സ്വകാര്യ സ്രോതസ്സിൽ" എന്ന് ചേർക്കുക.

(ii) ഖണ്ഡം 17(1)-ൽ "താഴെപ്പറയുന്ന" എന്നതിന് മുമ്പിൽ "ബോർഡ്," എന്ന് ചേർക്കുക.

ദീർഘ ശീർഷകം

(i) ദീർഘശീർഷകത്തിൽ "നിന്നുള്ളരേഖകൾ" എന്നതിന് പകരം "നിന്നുള്ള രേഖകൾ" എന്ന് ചേർക്കുക.

(ii) ദീർഘശീർഷകത്തിൽ "ആനുഷംഗികമായതോആയ" എന്നതിന് പകരം "ആനുഷംഗികമായതോ ആയ" എന്ന് ചേർക്കുക.

2025 സെപ്റ്റംബർ 30-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകിട്ട് 5.52- ന് സഭ പിരിഞ്ഞു.

ഡോ. എൻ. കൃഷ്ണ കുമാർ,
*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Fourteenth Session

# BULLETIN—PART I

(Brief Record of Proceedings)

*Monday, September 29, 2025.*

**No. 186**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Four Questions in the list of Questions posted for the day were answered orally.

*Condolence:*

The Chair made condolence on the demise of 41 people in a stampede occurred during a rally organised by the Tamilaga Vetri Kazhagam at Karur in Tamil Nadu.

*Adjournment Motion (Rule 50):*

DR. Mathew Kuzhalnadan and five other Members had given notice for moving an adjournment motion to discuss the state of affairs said to have arisen among the public due to the alleged imposition of treasury restrictions owing to a severe financial crisis in the State, which has seriously affected project activities and welfare schemes. As the Minister for Finance expressed willingness to discuss the motion, the Speaker announced that the motion would be taken up at 12.00 noon.

*Calling Attention:*

(1) Shri Antony Raju called the attention of the Minister for Fisheries, Culture and Youth Affairs to the necessity to solve the problems faced by the fisheries sector due to the spreading of toxic and environmentally hazardous materials spilled from the containers owing to the ship wrecks in the Arabian Sea off the Kerala coast. The Minister concerned made a statement thereto.

1258/2025.

(2) Shri Mons Joseph called the attention of the Minister for General Education and Labour to the problems of delay in approval of appointments reported to have faced by the Aided School Teachers due to the implementation of reservation for the differently abled categories in Aided Educational Institutions in the State. The Minister concerned made a statement thereto.

*Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below:

| നമ്പർ | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ഡോ. എൻ. ജയരാജ് | കാഞ്ഞിരപ്പള്ളി ബൈപ്പാസ് നിർമ്മാണം | ധനകാര്യ വകുപ്പുമന്ത്രി |
| 2 | ശ്രീ. കോവൂർ കുഞ്ഞുമോൻ | സ്വർണ്ണപ്പണയ സ്ഥാപനങ്ങളിൽ മുക്കുപണ്ടം പണയം വയ്ക്കുന്ന വർക്കുള്ള ശിക്ഷ | ധനകാര്യ വകുപ്പുമന്ത്രി |
| 3 | ശ്രീ. പി. മമ്മിക്കുട്ടി | ഷൊർണ്ണൂർ മണ്ഡലത്തിലെ ഗാല പദ്ധതി | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 4 | ശ്രീ. കെ. പി. എ. മജീദ് | എടരിക്കോട് സ്പിന്നിംഗ് മില്ലിൽ നിന്നും വിരമിച്ച ജീവനക്കാരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 5 | ശ്രീ. കടകംപള്ളി സുരേന്ദ്രൻ | വാഹന പുകപരിശോധന കേന്ദ്രങ്ങളും തൊഴിലാളികളും നേരിടുന്ന പ്രശ്നങ്ങൾ | ഗതാഗത വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 6 | ശ്രീമതി കെ. കെ. രമ | മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതി | മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി |
| 7 | ശ്രീ. വി. ജോയി | പൊതുവിദ്യാലയങ്ങളിൽ ആധാർ അധിഷ്ഠിത തസ്തിക നിർണ്ണയം നടത്തുമ്പോൾ പുറത്താകുന്ന അധ്യാപകരെ സംരക്ഷിക്കുന്നതിന് നടപടി | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 8 | ഡോ. കെ. ടി. ജലീൽ | വളാഞ്ചേരി വട്ടപ്പാറ ഭാഗത്തെ അപ്രോച്ച് റോഡ് നിർമ്മാണം | പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 9 | ശ്രീമതി ഉമ തോമസ് | കാക്കനാട്-സിൽവർ ലൈൻ റോഡ്, സീ പോർട്ട്-എയർപോർട്ട് റോഡ് പ്രദേശങ്ങളിൽ സമാന്തര റോഡ് നിർമ്മാണം | പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 10 | ശ്രീ. ആര്യാടൻ ഷൗക്കത്ത് | നിലമ്പൂർ ബൈപ്പാസ് പദ്ധതി | പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 11 | ശ്രീ. എ. കെ. എം. അഷ്റഫ് | കുമ്പളയിൽ ടോൾഗേറ്റ് സ്ഥാപിക്കുന്നത് തടയുന്നതിന് നടപടി | പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 12. | ശ്രീ. സി. സി. മുകുന്ദൻ | നെല്ല് സംഭരണ പദ്ധതി | ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Presentation of Reports:*

(i) The Report of the Subject Committee-II on the Guruvayoor Devaswom (Amendment) Bill, 2025 was presented.

(ii) The Periodical Report of the Subject Committee-III for the period from 1st April, 2024 to 31st March, 2025, and the Action Taken Report on the recommendations contained in the Fourth Report on the Scrutiny of Demands for Grants for the financial year 2024-2025 were presented.

(iii) The Reports of the Subject Committee-IV on The Kerala Coir Workers' Welfare Fund (Amendment) Bill, 2025 and The Kerala Coir Workers' Welfare Cess (Amendment) Bill, 2025 were presented.

(iv) The Periodical Report of the Subject Committee-VIII for the period from 1st April, 2024 to 31st March, 2025, the Action Taken Report on the recommendations contained in the Fourth Report on the Scrutiny of Demands for Grants for the financial year 2024-2025, the Report on The Kerala General Sales Tax (Amendment) Bill, 2024, and the Report on The Kerala Societies Registration Bill, 2025 were presented.

*Government Resolution under Rule 118:*

Shri Pinarayi Vijayan, Chief Minister, moved a resolution under Rule 118. Shri U. A. Lathif, Shri N. Samsudheen, Shri P. C. Vishnunadh, Shri Kurukkoli Moideen, Shri T. V. Ibrahim, Shri T. Siddique, Shri Najeeb Kanthapuram moved amendments to the resolution. The House adopted the following amendments:

(i) Amendments No. 2 and 8 moved by Shri N. Samsudheen

(ii) Amendment moved by Shri P. C. Vishnunadh

The resolution, as amended, was passed unanimously by the House as follows:

"വോട്ടർ പട്ടിക പ്രത്യേക തീവ്ര പുനഃപരിശോധനയ്ക്ക് വിധേയമാക്കുന്ന കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ നീക്കം ദേശീയ പൗരത്വരജിസ്റ്ററിന്റെ വളഞ്ഞ വഴിയിലൂടെയുള്ള നടപ്പാക്കലാണെന്ന ആശങ്ക വ്യാപകമാണ്. ബീഹാറിൽ നടന്ന SIR പ്രക്രിയ ഇത്തരം ആശങ്കകളെ ശരിവയ്ക്കുന്നതുമാണ്.

പുറന്തള്ളലിന്റെ രാഷ്ട്രീയമാണ് ബീഹാർ വോട്ടർ പട്ടിക പരിഷ്കരണത്തിൽ കാണുന്നത്. വോട്ടർപട്ടികയിൽ നിന്നും യുക്തിരഹിതമായ ഒഴിവാക്കലാണ് ബീഹാറിൽ നടന്നത്. അതേ രീതിയാണ് ദേശീയ അടിസ്ഥാനത്തിൽ ലക്ഷ്യമിടുന്നത് എന്ന സംശയവും രാജ്യവ്യാപകമായി നിലവിലുണ്ട്.

ബീഹാർ SIR പ്രക്രിയയുടെ ഭരണഘടനാ സാധുത സുപ്രീം കോടതിയുടെ പരിഗണനയിൽ ഇരിക്കെത്തന്നെ തിരഞ്ഞെടുപ്പ് പടിവാതിൽക്കൽ നിൽക്കുന്ന കേരളം, തമിഴ്നാട്, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങളിൽ കൂടി തിടുക്കപ്പെട്ട് ഇതേ പ്രക്രിയ കൊണ്ടുവരുന്നതിനെ നിഷ്കളങ്കമായി കാണാൻ കഴിയില്ല. ദീർഘകാല തയ്യാറെടുപ്പും കൂടിയാലോചനയും ആവശ്യമായ SIR പോലുള്ള പ്രക്രിയ ഇത്തരത്തിൽ തിടുക്കത്തിൽ നടത്തുന്നത് ജനവിധി അട്ടിമറിക്കാനാണെന്ന ഭയം തിരഞ്ഞെടുപ്പ് കമ്മീഷനെ സംശയത്തിന്റെ നിഴലിലാക്കിയിരിക്കുന്നു. കേരളത്തിൽ തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് അടുത്തുതന്നെ നടക്കാനിരിക്കയാണ്. അത് കഴിഞ്ഞാലുടൻ നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുകയാണ്. ഈ സാഹചര്യത്തിൽ തിടുക്കപ്പെട്ട് SIR നടത്തുന്നത് ദുരുദ്ദേശ്യപരമാണ്. ഇതിനുമുമ്പ് 2002-ലാണ് കേരളത്തിൽ വോട്ടർ പട്ടികയുടെ തീവ്ര പുനഃപരിശോധന നടന്നത്. ഇപ്പോൾ പുനഃപരിശോധന നടത്തുന്നത് 2002 അടിസ്ഥാനമാക്കിയാണെന്നതും അശാസ്ത്രീയമാണ്.

1987-നുശേഷം ജനിച്ചവർ അവരുടെ പിതാവിന്റെയോ മാതാവിന്റെയോ പൗരത്വരേഖ കൂടി നൽകിയാലേ വോട്ടറാകൂ എന്ന SIR-ലെ നിബന്ധന നമ്മുടെ പ്രായപൂർത്തി വോട്ടവകാശത്തെ ഹനിക്കുന്ന തീരുമാനമാണ്. 2003-നുശേഷം ജനിച്ചവർ പിതാവിന്റെയും മാതാവിന്റെയും പൗരത്വരേഖകൾ സമർപ്പിച്ചാൽ മാത്രമേ വോട്ടറാവൂ എന്നും നിഷ്കർഷയുണ്ട്. വോട്ടറാകുന്നതിനായി സമർപ്പിക്കേണ്ട അനുബന്ധ രേഖകളിൽ റേഷൻ കാർഡുപോലും ഉൾപ്പെടുത്തിയിട്ടില്ല. രേഖകളില്ലാത്തതിന്റെ പേരിൽ വോട്ടർ പട്ടികയിൽ നിന്നും ഒഴിവാക്കുന്നത്, ഭരണഘടനയുടെ അനുച്ഛേദം 326 പൗരന്മാർക്ക് ഉറപ്പുനൽകുന്ന സാർവത്രിക വോട്ടവകാശത്തിന്റെ പൂർണമായ ലംഘനമാണ്. സമൂഹത്തിലെ പാർശ്വവൽകൃത വിഭാഗങ്ങളിൽ ഉള്ളവരാണ് SIR-ലെ ഇത്തരം നിബന്ധനകൾമൂലം വോട്ടവകാശത്തിൽ നിന്നും പുറത്താവുകയെന്നാണ് ഈ മേഖലയിലെ വിദഗ്ധരുടെ പഠനങ്ങൾ കാണിക്കുന്നത്. ന്യൂനപക്ഷ സമുദായങ്ങൾ, പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗങ്ങൾ, സ്ത്രീകൾ, ദരിദ്രകുടുംബങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ളവരാണ് ഇതിൽ ബഹുഭൂരിപക്ഷവും ഉൾപ്പെടുക. വോട്ടർ പട്ടികയിലുള്ള പ്രവാസി വോട്ടർമാരുടെ വോട്ടവകാശം തുടർന്നും നിലനിർത്തേണ്ടതുണ്ട്.

പൗരത്വത്തെ മതാധിഷ്ഠിതമാക്കുന്ന പൗരത്വ ഭേദഗതി നിയമത്തെ പൊടിതട്ടിയെടുക്കാനുള്ള ശ്രമം നടത്തുന്നവർ SIR-നെ ഏതുവിധമാവും ഉപയോഗിക്കുക എന്നതും ജനാധിപത്യം നേരിടുന്ന വെല്ലുവിളിയാണ്. മൗലികാവകാശത്തെ ഹനിക്കുന്ന ഇത്തരം നടപടികളിൽ നിന്നും പിന്തിരിഞ്ഞ് തിരഞ്ഞെടുപ്പ് കമ്മീഷൻ സുതാര്യമായി വോട്ടർപ്പട്ടിക പുതുക്കൽ നടത്തണം എന്ന് ഈ നിയമസഭ ഏകകണ്ഠമായി ആവശ്യപ്പെടുന്നു."

*Legislative Business:*

(1) Introduction and Motion for reference to Subject Committee of the following Bills:

(i) The Kerala Municipality (Amendment) Bill, 2025, and The Kerala Panchayat Raj (Amendment) Bill, 2025

Shri M. B. Rajesh, Minister for Local Self Governments, Excise and Parliamentary Affairs, introduced The Kerala Municipality (Amendment) Bill, 2025 and The Kerala Panchayat Raj (Amendment) Bill, 2025. Shri P. C. Vishnunadh raised a Point of Order. The Minister for Local Self Governments, Excise and Parliamentary Affairs replied. Speaker gave the following ruling on the said matter.

*Ruling by the Speaker :*

2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിലൂടെ മൂലനിയമത്തിന്റെ 56-ാം വകുപ്പിൽ വരുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ള ഭേദഗതി നഗരപാലികാ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് ഭരണഘടനാപരമായ അധികാരം നൽകുന്നതിനും അവയുടെ പ്രവർത്തനങ്ങളെ കൂടുതൽ ഊർജ്ജസ്വലമാക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുവന്ന 73, 74 ഭരണഘടനാ ഭേദഗതികളുടെ അന്തസ്സത്തയ്ക്ക് വിരുദ്ധമാണെന്നും ബില്ലിൽ വിശദമായ ധനകാര്യ മെമ്മോറാണ്ടം ഇല്ലെന്നും ബില്ലിന്റെ ഖണ്ഡം 9 പ്രകാരം മൂലനിയമത്തിന്റെ വകുപ്പ് 447 (1) ബിയിൽ വരുത്തിയ ഭേദഗതി ഭരണഘടനാനുസൃതമല്ലെന്നും ശ്രീ. പി.സി. വിഷ്ണുനാഥ് ചട്ടം 303 പ്രകാരം ക്രമപ്രശ്നം ഉന്നയിച്ചു. തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി മറുപടി നൽകി. ബഹു. സ്പീക്കർ പ്രസ്തുത വിഷയത്തിൽ താഴെപ്പറയുന്ന റൂളിംഗ് നൽകി.

"ബില്ലിൽ വിശദമായ ധനകാര്യ മെമ്മോറാണ്ടം ഇല്ലെന്ന ബില്ലിന്റെ ഖണ്ഡം9 പ്രകാരം മൂലനിയമത്തിന്റെ വകുപ്പ് 447(1)ബി-യിൽ വരുത്തിയ ഭേദഗതി ഭരണഘടനാനുസൃതമല്ലെന്നാണ് ശ്രീ. പി. സി. വിഷ്ണുനാഥ് ചട്ടം 303 പ്രകാരമുള്ള ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെട്ടത്.

തദ്ദേശ സ്വയംഭരണ-എക്സൈസ്- പാർലമെന്ററികാര്യ വകുപ്പുമന്ത്രി ഇത് സംബന്ധിച്ച കാര്യങ്ങൾ വിശദീകരിക്കുകയുണ്ടായി. മന്ത്രിയുടെ വിശദീകരണം സ്വീകാര്യമാണെന്നു കാണുന്നതിനാൽ തടസ്സവാദം നിലനിൽക്കുന്നതല്ലെന്ന് റൂൾ ചെയ്യുന്നു. എന്നാൽ ഭേദഗതി ബില്ലുകൾ കൊണ്ടുവരുമ്പോൾ അനുബന്ധമായി ചേർക്കേണ്ട പ്രധാന ആക്റ്റിലെ പ്രസ്തുത ഭാഗങ്ങൾ സാമാജികർക്ക് പ്രാപ്യമാകുന്ന രീതിയിൽ പരിഷ്കരിക്കണമെന്നും റൂൾ ചെയ്യുന്നു"

<u>The Kerala Municipality (Amendment) Bill, 2025, and The Kerala Panchayat Raj (Amendment) Bill, 2025 (Continuation):</u>

The Minister for Local Self Governments, Excise and Parliamentary Affairs moved the motion that the Bills be referred to the Subject Committee-IX on Local Administration, Rural Development and Housing. Shri D. K. Murali moved 1A amendment that The Kerala Municipality (Amendment) Bill, 2025 be circulated for the purpose of eliciting public opinion thereon and spoke.

(The motion for Adjournment of the Assembly was taken up for consideration.)

*Discussion on Adjournment Motion:*

Dr. Mathew Kuzhalnadan moved the following motion and spoke: "The House do now adjourn."

The following Members took part in the discussion:

Shri P. Nandakumar

Shri G. S. Jayalal

Shri P. K. Kunhalikutty

Shri Sebastian Kulathunkal

Shri .Mons Joseph

Shri K. Babu (Nenmara)

Shri K. M. Sachindev

Shri Ahammad Devarkovil

Shri A. P. Anil Kumar

Smt. U. Prathibha

Shri P. P. Chitharanjan

Shri V. D. Satheesan, Leader of the Opposition.

The Minister for Finance replied to the discussion on the motion for adjournment. The motion moved was declared lost.

*Legislative Business (Continuation):*

(i) The Kerala Municipality (Amendment) Bill, 2025 and The Kerala Panchayat Raj (Amendment) Bill, 2025

Shri Aryadan Shoukath, as authorised by Shri I. C. Balakrishnan, moved 2B amendment for referring the Bill to a Select Committee and spoke. Shri Kadakampally Surendran moved 1A amendment that The Kerala Panchayat Raj (Amendment) Bill, 2025 be circulated for the purpose of eliciting public opinion thereon and spoke. Shri A. K. M. Ashraf moved 2B amendment for referring the Bill to a Select Committee and spoke. After the reply by the Minister, the 1A amendments to The Kerala Municipality (Amendment) Bill, 2025 and The Kerala Panchayat Raj (Amendment) Bill, 2025 were withdrawn by the leave of the House and the 2B amendments were declared lost. Then, the motion that The Kerala Municipality (Amendment) Bill, 2025 and The Kerala Panchayat Raj (Amendment) Bill, 2025 be referred to the Subject Committee-IX on Local Administration, Rural Development and Housing was adopted, and the Bills were referred to Subject Committee-IX.

(2) Consideration and further stages of The Kerala Public Records Bill, 2023, as reported by the Select Committee:

Shri Ramachandran Kadannappalli, Minister for Registration, Museums and Archaeology, moved the motion that The Kerala Public Records Bill, 2023, as reported by the Select Committee, be taken into consideration. Shri Anoop Jacob, Shri N. A. Nellikkunnu, and Shri P. Ubaidulla, who had recorded their dissent to the Select Committee Report, spoke. Smt. Santhakumari K. moved 1A amendment that The Kerala Public Records Bill, 2023, as reported by the Select Committee, be circulated for the purpose of eliciting public opinion and Shri E. T. Taison Master, as authorised by Shri P. Balachandran, moved 2B amendment to recommit the Bill to the same Select Committee and spoke. After the reply by the Minister for Registration, Museums and Archaeology, the amendments moved were withdrawn by the leave of the House. The Bill was taken up for clause-by-clause consideration and passed with the following amendments.

<u>രണ്ടാം വകുപ്പ്</u>

(i) ഖണ്ഡം 2(ബി)-ൽ "എന്നാൽ" എന്നതിന് ശേഷം "ഈ ആക്ടിലെ" എന്ന് ചേർക്കുക.

(ii) ഖണ്ഡം 2(ഡി)-യിൽ "എന്നാൽ" എന്നതിന് ശേഷം "സംസ്ഥാന" എന്ന് ചേർക്കുക.

(iii) ഖണ്ഡം 2(എം)-ൽ "എന്നാൽ" എന്നതിന് ശേഷം "ഈ ആക്ടിലെ" എന്ന് ചേർക്കുക.

<u>മൂന്നാം വകുപ്പ്</u>

(i) ഖണ്ഡം 3(2)(ജി)-ൽ "ഓഫീസുകളിലേയും" എന്നതിന് പകരം "ഓഫീസുകളിലെയും" എന്ന് ചേർക്കുക.

(ii) ഖണ്ഡം 3(2)(എച്ച്)-ൽ "പുരാരേഖകൾ" എന്നതിന് പകരം "പൊതുരേഖകൾ" എന്ന് ചേർക്കുക.

(iii) ഖണ്ഡം 3(2)(എൻ)-ൽ "അടിയന്തിരാവസ്ഥകളിൽ" എന്നതിന് പകരം "അടിയന്തരാവസ്ഥകളിൽ" എന്ന് ചേർക്കുക.

(iv) ഖണ്ഡം 3(2)(പി)-ൽ "ഭാഗങ്ങളുടെ പകർപ്പുകളോ" എന്നതിന് ശേഷം "നിർണ്ണയിക്കാവുന്ന രീതിയിൽ" എന്ന് ചേർക്കുക.

<u>നാലാം വകുപ്പ്</u>

(i) ഖണ്ഡം 4-ൽ "അസ്സൽ:" എന്നതിന് ശേഷം " ," എന്ന ചിഹ്നം ചേർക്കുക.

<u>ആറാം വകുപ്പ്</u>

(i) ഖണ്ഡം 6-ൽ "താഴെ പറയുന്ന" എന്നതിന് പകരം "താഴെപ്പറയുന്ന" എന്ന് ചേർക്കുക.

<u>ഒൻപതാം വകുപ്പ്</u>

(i) ഖണ്ഡം 9(2)-ൽ "2023-ലെ ഭാരതീയ നാഗരിക് സുരക്ഷാ സംഹിതയിൽ (2023- ലെ 46-ാം കേന്ദ്ര ആക്ട്) എന്തുതന്നെ അടങ്ങിയിരുന്നാലും" എന്നത് ഒഴിവാക്കുക.

(ii) ഖണ്ഡം 9(2)(i)-ൽ "രണ്ടും കൂടിയോ ശിക്ഷ ലഭിക്കുന്നതാണ്" എന്നതിന് പകരം "അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്" എന്ന് ചേർക്കുക.

(iii) ഖണ്ഡം 9(2)(ii)-ൽ "രണ്ടും കൂടിയോ ശിക്ഷ ലഭിക്കുന്നതാണ് " എന്നതിന് പകരം "അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്" എന്ന് ചേർക്കുക.

(iv) ഖണ്ഡം 9(2)(iii)-ൽ "രണ്ടും കൂടിയോ സാമൂഹ്യ സേവനമോ ശിക്ഷ ലഭിക്കുന്നതാണ്" എന്നതിന് പകരം "അല്ലെങ്കിൽ രണ്ടും കൂടിയോ, സാമൂഹ്യ സേവനമോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്" എന്ന് ചേർക്കുക.

പതിനാലാം വകുപ്പ്

(1) ഖണ്ഡം 14(1)-ൽ "രൂപീകരിച്ചുള്ള" എന്നതിന് പകരം "രൂപീകരിച്ചുകൊണ്ടുള്ള" എന്ന് ചേർക്കുക.

പതിനാറാം വകുപ്പ്

(i) ഖണ്ഡം 16(സി)-ൽ "ശേഖരത്തിലുള്ള" എന്നതിന് പകരം "സ്രോതസ്സിൽ നിന്നുള്ള" എന്ന് ചേർക്കുക.

പതിനേഴാം വകുപ്പ്

(i) ഖണ്ഡം 17(1)-ൽ "സ്വകാര്യശേഖരത്തിൽ" എന്നതിന് പകരം "സ്വകാര്യ സ്രോതസ്സിൽ" എന്ന് ചേർക്കുക.

(ii) ഖണ്ഡം 17(1)-ൽ "താഴെപ്പറയുന്ന" എന്നതിന് മുമ്പിൽ "ബോർഡ്," എന്ന് ചേർക്കുക.

ദീർഘ ശീർഷകം

(i) ദീർഘശീർഷകത്തിൽ "നിന്നുള്ളരേഖകൾ" എന്നതിന് പകരം "നിന്നുള്ള രേഖകൾ" എന്ന് ചേർക്കുക.

(ii) ദീർഘശീർഷകത്തിൽ "ആനുഷംഗികമായതോആയ" എന്നതിന് പകരം "ആനുഷംഗികമായതോ ആയ" എന്ന് ചേർക്കുക.

The House adjourned at 5.52 p.m. to meet again at 9.00 a.m. on Tuesday, September 30, 2025.

DR. N. Krishna Kumar,
*Secretary.*